# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.57

26/02/2018-ൽ മറുപടിയ്ക്ക്

## നാട്പാക് ലൈബ്രറിയിലെ ജൂനിയർ സയന്റിസ്റ്റ് തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ.രാജഗോപാൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശരാശരി 10-15 പുസ്തകങ്ങൾ മാത്രം റഫർ ചെയ്യപ്പെടുന്ന നാട്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റ് തസ്തിക സൃഷ്ടിച്ചത് എന്തിനായിരുന്നു എന്ന് വിശദമാക്കാമോ; കേരളത്തിലെ മറ്റേതെങ്കിലും ഗവേഷണ സ്ഥാപനത്തിലെ ലൈബ്രറിയിൽ ഇതിനു സമാനമായി ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | നാട്പാക് റിസർച്ച് കൗൺസിലിന്റെ ഏഴാം മീറ്റിംഗിൽ നാട്പാകിൽ ഒരു ഡോക്യുമെന്റേഷൻ ഓഫീസർ തസ്തികയുടെ ആവശ്യകത അംഗീകരിക്കുകയും, നിലവിലെ നിയമപ്രകാരം തസ്തിക സൃഷ്ടിക്കേണ്ടതാണ് എന്നും തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ തീരുമാനം നടപ്പിലായിരുന്നില്ല. 31/10/2011-ൽ ലൈബ്രറിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഏകോപിപ്പിച്ചിരുന്ന ശ്രീ.ജി.സി.ദാസ് ഗ്രൂപ്പ് എന്ന സയന്റിസ്റ്റ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തു. ഇത്തരുണത്തിൽ നാട്പാകിന്റെ ലൈബ്രറി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ദ്ധ്യം നേടിയ ഒരു സയന്റിസ്റ്റിനെ അടിയന്തിരമായി നിയമിക്കേണ്ടതാണെന്നും ഡോക്യുമെന്റേഷൻ ഓഫീസർ എന്ന ഒരു തസ്തിക സെന്ററിന്റെ കോർ സ്റ്റാഫ് സ്ട്രെങ്ങ്ത്തിൽ ഇല്ലാത്തതിനാൽ പകരം എൻട്രി ലെവലിൽ (സയന്റിസ്റ്റ്-ബി) ഒരു സയന്റിസ്റ്റിനെ നിലവിലെ നിയമപ്രകാരം നാട്പാകിന്റെ അംഗീകൃത സയന്റിസ്റ്റുകളുടെ ഒഴിഞ്ഞുകിടക്കുന്ന ഒരു തസ്തികയിലേക്ക് ലൈബ്രറിയിൽ നിയമിക്കാൻ ചട്ടപ്രകാരം അനുമതി നൽകണമെന്ന് കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനോട് നാട്പാക് ആവശ്യപ്പെടുകയും 05/03/2012-ലെ കൗൺസിൽ കത്ത് നമ്പർ 4139/സി1/2011/കെ.എസ്.സി.എസ്.റ്റി.ഇ. പ്രകാരം നാട്പാകിന്റെ ലൈബ്രറി |

| | | | |
|---|---|---|---|
| | | | ഇൻഫർമേഷൻ ഡിവിഷനിൽ ഒരു സയന്റിസ്റ്റിനെ നിയമിക്കുവാനുള്ള അനുമതി കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ നൽകുകയും ചെയ്തു. ആയതിൻ പ്രകാരമാണ് നാട്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടുള്ളത്. ആയത് നാട്പാകിൽ നിലവിലുണ്ടായിരുന്ന സയന്റിസ്റ്റുകളുടെ ഒഴിവുകളിലാണ് നിയമിച്ചത്. അഡീഷണൽ തസ്തിക സൃഷ്ടിച്ചിട്ടില്ല. കേരളത്തിലെ മറ്റ് ഗവേഷണ സ്ഥാപനത്തിലെ ലൈബ്രറിയിൽ ഇതിനു സമാനമായി ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടുള്ളതായി കാണുന്നില്ല. |
| (ബി) | കേരളത്തിലെ മറ്റ് ഗവേഷണ സ്ഥാപനങ്ങളി ലൊന്നും ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടില്ലെങ്കിൽ നാട്പാകിൽ മാത്രം ഇപ്രകാരം ഒരു തസ്തിക സൃഷ്ടിച്ച് സി.എസ്.ഐ.ആർ. നിരക്കിൽ വേതനം നൽകുന്നതിന്റെ ഔചിത്യം വിശദമാക്കാമോ; | (ബി) | സാങ്കേതികതികവോടുകൂടി വിവിധ പ്രസിദ്ധീകരണങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിലേക്കായി വൈദഗ്ധ്യവും നൈപുണ്യവും ഉന്നത യോഗ്യതയുമുള്ള വിവിധ ശാസ്ത്ര സാങ്കേതിക ഗണത്തിൽപ്പെടുന്ന വസ്തുതകളുടെ ഡോക്കുമെന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ മികവോടുകൂടി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സേവനം ആവശ്യമുണ്ട്. ആയത് ലൈബ്രറി സയൻസ് ശാഖയിൽ നിന്നുള്ള വ്യക്തിയായാൽ ലൈബ്രറി ഡിജിറ്റൈസ് ചെയ്യുക ഉൾപ്പെടെയുള്ള നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ഉചിതമായിരിക്കും. വിഷയം ഔദ്യോഗികമായി വിവിധ തലങ്ങളിൽ പരിഗണിച്ച് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടന്നിട്ടുള്ളത്. |
| (സി) | ഇപ്പോൾ നാട്പാകിൽ ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റായി ജോലി ചെയ്യുന്ന വ്യക്തി നാളിതുവരെയായി ശമ്പളമായി എത്ര രൂപയാണ് കൈപ്പറ്റിയിട്ടുള്ളത് (അടിസ്ഥാന വേതനവും മറ്റ് ആനുകൂല്യങ്ങളും വകയിൽ) എന്ന് വിശദമാക്കാമോ; | (സി) | നാട്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റായി ജോലി ചെയ്യുന്ന വ്യക്തി നാളിതുവരെയായി അടിസ്ഥാന വേതനവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ 30,65,315/- രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| (ഡി) | കേരളത്തിലെ ലൈബ്രറികളിലെ ലൈബ്രറി അസിസ്റ്റന്റുമാരുടെ അടിസ്ഥാന ശമ്പളം എത്രയാണ്; ലൈബ്രറി അസിസ്റ്റന്റിനു പകരം ജൂനിയർ സയന്റിസ്റ്റിനെ നാട്പാകിലെ ലൈബ്രറിയിൽ നിയമിച്ചതുവഴി നാളിതുവരെ എത്ര രൂപയാണ് അധികമായി നൽകേണ്ടി വന്നിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും ലൈബ്രറികളിലെ ലൈബ്രറി അസിസ്റ്റന്റുമാരുടെ അടിസ്ഥാന ശമ്പളസ്കെയിൽ 20,000-45,800/- ആണ്. നാട്പാക് നടത്തിയിട്ടുള്ള നിരവധി പഠനങ്ങൾ ശാസ്ത്രീയമായി ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും വിവിധ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്ന പ്രവർത്തികും ലൈബ്രറി സയൻസിൽ ഉന്നത വിദ്യാഭ്യാസ നിലവാരത്തിലുള്ള സയന്റിസ്റ്റിന്റെ സേവനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം ചട്ടപ്രകാരമാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ നാട്പാക് ലൈബ്രറിയിൽ സയന്റിസ്റ്റിനെ നിയമിച്ചതു വഴി അധിക തുക നൽകേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ